# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3035** — **22-06-2012 ൽ മറുപടിയ്ക്ക്**

പാഡി മിഷൻ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാഡി മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | കേരളത്തിലെ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗവേഷണപ്രവർത്തനങ്ങൾക്ക് "മിഷൻ മോഡ് അപ്രോച്ച്" ആവശ്യ മാണെന്ന അഭിപ്രായത്തെത്തുടർന്ന് 2008 ൽ കേരള കാർഷിക സർവ്വകലാശാല വിവിധ വിളകളിൽ മിഷൻ പദ്ധതിക്ക് രൂപം കൊടുക്കുകയുണ്ടായി. ഉദാ: പാഡി മിഷൻ, കോക്കനട്ട് മിഷൻ, വെജിറ്റബിൾ മിഷൻ തുടങ്ങിയവ. ഈ മിഷൻ പദ്ധതികളുടെ പ്രവർത്തനത്തിനായി ഒരു അസോസിയേറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ അതാത് വിളകളിൽ ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന ഒരു ടീമാണ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം മിഷന്റെ പ്രവർത്തനത്തിൽ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | | 2008 - 09 കാലയളവിൽ ആർ.കെ.വി.വൈ പദ്ധതിയിൽ നിന്നും പാഡി മിഷൻ പദ്ധതിയ്ക്ക് 3 വർഷത്തേക്ക് ഗവേഷണ സഹായമായി 5 കോടി രൂപ അനുവദിച്ചിരുന്നു. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുക, കര കൃഷിയ്ക്കും ജൈവകൃഷിക്കും ആവശ്യമായ സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുക, കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദനത്തിനാവശ്യമായ സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് വിത്തുല്പാദനം മെച്ചപ്പെടുത്തുക, നെൽകൃഷിയിൽ യന്ത്ര |

വത്ക്കരണത്തിനാവശ്യമായ ഗവേഷണ
ങ്ങളും പരിശീലന പരിപാടികളും
നടത്തുക, മണ്ണിന്റെ ഫലപുഷ്ടി നിർണ്ണ
യിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ
കർഷകർക്ക് നൽകുക, റൈസ്
മൊബൈൽ ക്ലീനിക്കിന്റെ സഹായ
ത്തോടെ, ആവശ്യമായ സമയത്ത്
കർഷകരുടെ പാടത്ത് എത്തി നിർദ്ദേശ
ങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തന
ങ്ങൾക്കാണ് ഈ ഫണ്ടുപയോഗപ്പെടു
ത്തിയിട്ടുള്ളത്. ഇതുവഴി വളരെയേറെ
ഗവേഷണ ഫലങ്ങൾ ഉരുത്തിരിച്ചെടു
ക്കുന്നതിനും, നെൽകൃഷിയിൽ യന്ത്ര
വത്ക്കരണരംഗത്ത് ഉണർവ്വുണ്ടാക്കു
ന്നതിനും, ഭക്ഷ്യസുരക്ഷാ സേനകളെ
കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ
സജ്ജമാക്കുന്നതിനും കർഷകരുടെ
പാടത്തുണ്ടായിട്ടുള്ള പല പ്രശ്നങ്ങൾക്കും
ഉടനടി പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന
തിനും മറ്റും സാധിച്ചിട്ടുണ്ട്. ഈ
പ്രോജക്ടിന്റെ കാലാവധി 2011 -12
ഓടുകൂടി അവസാനിച്ചിട്ടുണ്ട്. ഈ
പദ്ധതിയുടെ നടത്തിപ്പ് തുടരുന്ന കാര്യം
സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ